**No. PL 1/2023** **20-03-2023**

# സർക്കുലർ

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

അനുഗ്രഹീതമായ വലിയ നോമ്പിന്റെ ധന്യമായ ആത്മീയ അനുഭവത്തിലൂടെ നാം കടന്നു പോവുകയാണല്ലോ. നമ്മുടെ കർത്താവിൻറെ രക്ഷാകര കർമ്മങ്ങളുടെ മർമ്മം കൊണ്ടാടുവാനുള്ള ഈ ഒരുക്ക ദിവസങ്ങളിൽ തീവ്രമായ പ്രാർത്ഥനയുടെയും, കഠിനമായ തപസിന്റെയും, ഉദാരമായ ജീവകാരുണ്യ ശുശ്രൂഷകളുടെയും പിൻബലത്തിൽ നവീകരിക്കപ്പെട്ട ജീവിതങ്ങളുടെ സാക്ഷ്യമായി മാറുവാൻ നമുക്ക് സാധിക്കണം. ഇപ്രകാരം ക്രിസ്തുവിൽ പുതിയ മനുഷ്യരായി തീരുന്ന അനുഭവവും പേറികൊണ്ട് ഈ കഷ്ടാനുഭവ ആഴ്ചയും ഉത്ഥാന പെരുന്നാളും ആഘോഷിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

നമ്മുടെ ആരാധനാവത്സരത്തിലെ ഏറ്റവും തീവ്രമായ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്ന സമയമാണല്ലോ കഷ്ടാനുഭവആഴ്ച. ദീർഘവും, സവിശേഷമായ ആരാധനാ മുഹൂർത്തങ്ങൾ നിറഞ്ഞതുമായ പ്രാർത്ഥനകളാലും, പ്രതീകങ്ങളാലും സമ്പന്നമായ ഈ ആഴ്ചയിലെ ആരാധന, ആഴമുള്ള ആത്മീയ അനുഭവവുമാക്കി മാറ്റുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ ചില ദൈവാലയങ്ങളിൽ ദുഃഖവെള്ളിയാഴ്ച ദിവസം കുരിശിന്റെ വഴി എന്ന ഭക്തകൃത്യം നടത്തുന്ന പതിവുണ്ട്. ദുഃഖവെള്ളിയാഴ്ചയിലെ നമ്മുടെ ആരാധനയിൽ ക്രിസ്തുവിന്റെ കഷ്ടാനുഭവ മുഹൂർത്തങ്ങൾ മുഴുവൻ വളരെ ചിട്ടയോടെ കോർത്തിണക്കിയിട്ടുണ്ട്. കേവല വൈകാരികതയ്ക്ക് ഉപരിയായ ദൈവശാസ്ത്രപരവും ആരാധനാപരവുമായ ഒരു സമഗ്രത ഈ ആരാധനയിൽ ദൃശ്യമാണ്. കൂടാതെ, ദുഃഖവെള്ളിയാഴ്ചയിലെ നമ്മുടെ ആരാധന വളരെ ദൈർഘ്യം ഉള്ളതും ആണല്ലോ. അതിനാൽ, കുരിശിന്റെ വഴി ഹൃദയസ്പർശിയായ ഒരു പ്രാർത്ഥനയാണെങ്കിലും, നമ്മുടെ ദൈവാലയങ്ങളിൽ ദുഃഖവെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ അത് നടത്തുന്നതാണ് ഉചിതം. ദുഃഖവെള്ളിയാഴ്ചയിലെ നമ്മുടെ ആരാധന കൂടുതൽ ആഴത്തിലും അർത്ഥപൂർണ്ണതയിലും അനുഭവിക്കുവാൻ സഹായകമാകുന്നതിനാണ് ഈ നിർദ്ദേശം.

ദൈവം നമ്മുടെ ഭദ്രാസനത്തെ അത്ഭുതകരമായി പരിപാലിക്കുന്ന അനുഭവം നമുക്ക് സ്വന്തമാണ്. ഇന്ന് നമ്മുടെ ഭദ്രാസനം അനുഭവിക്കുന്ന ഒരു പ്രധാന പരിമിതി, മതിയായ വൈദികരുടെ അഭാവമാണ്. ദൈവത്തിൻറെ വലിയ പരിപാലനയിൽ ഈ വർഷം നമുക്ക് മൂന്ന് നവ വൈദികരെ ലഭിക്കുന്നുണ്ട്. അവരുടെ വൈദികപട്ട സ്വീകരണം ഏപ്രിൽ മാസം പത്താം തീയതി ഉച്ചയ്ക്കുശേഷം രണ്ടുമണിക്ക് നമ്മുടെ പാറശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ചാണ് നടക്കുന്നത്. വൈദിക പട്ടം സ്വീകരിക്കുന്ന ഈ മക്കളെ നിങ്ങളുടെ പ്രാർത്ഥനയിൽ ചേർത്തുവയ്ക്കുന്നതോടൊപ്പം നമ്മുടെ ഭദ്രാസനത്തിൽ വൈദിക, സന്യസ്ത ദൈവവിളിയുടെ വർദ്ധനവിനായി തീവ്രമായി പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് ഓർമ്മപ്പെടുത്തുന്നു. അതുപോലെ, ഈ വർഷം സെമിനാരിയിലും മഠത്തിലും ചേരുവാൻ

താല്പര്യം പ്രകടിപ്പിക്കുന്ന നമ്മുടെ മക്കൾക്ക് അതിനാവശ്യമായ പ്രോത്സാഹനവും സഹായസഹകരണങ്ങളും നൽകണം.

ഒരു പുതിയ മിഷൻ ഭദ്രാസനം എന്ന നിലയിൽ നമ്മുടെ മറ്റൊരു ന്യൂനത, നമ്മുടെ ഭദ്രാസനത്തിന്റെ വിവിധ ശുശ്രൂഷകളെ ഏകോപിപ്പിക്കുവാനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാനും ഒരു പൊതുവായ ഇടം നമുക്കില്ല എന്നതാണ്. ഈ കുറവ് പരിഹരിക്കുവാനായി ഒരു 'അജപാലന പരിശീലന കേന്ദ്ര'ത്തിന്റെ നിർമാണം നാം ആരംഭിച്ചിരിക്കുകയാണ്. വിഴിഞ്ഞം കല്ലുവെട്ടാൻകുഴിയിലുള്ള നമ്മുടെ ദൈവാലയത്തോട് ചേർന്നുള്ള സ്ഥലത്താണ് പ്രസ്തുത കേന്ദ്രം പണിയുന്നത്. ഭദ്രാസനം രൂക്ഷമായ സാമ്പത്തിക സമ്മർദ്ദത്തിലൂടെയാണ് കടന്നു പോകുന്നതെങ്കിലും, ഇങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സംലഭ്യമാക്കുക എന്നത് നമ്മുടെ അടിയന്തരമായ ഉത്തരവാദിത്തം ആണല്ലോ. ഈ സദുദ്യമത്തിൽ നമ്മുടെ എല്ലാ ഇടവകകളും സാമ്പത്തികമായി സഹകരിക്കുകയും ഇതിൻറെ സാഫല്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ സുവിശേഷ സംഘാംഗങ്ങൾക്ക് അവരവരുടെ ഇടവകകളിൽ നിർവഹിക്കുവാൻ സാധിക്കുന്ന ചില ആത്മീയ ശുശ്രൂഷകളെ കുറിച്ച് സുവിശേഷ സംഘ കേന്ദ്രത്തിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതാണ്. അവ നിർവഹിക്കുവാൻ നമ്മുടെ സുവിശേഷ സംഘാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നതോടൊപ്പം അതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നമ്മുടെ ഇടവകകളിൽ സജ്ജമാക്കണം എന്നും ഓർമിപ്പിക്കുന്നു.

ഈ വർഷം മുതൽ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഇടവക കമ്മിറ്റിയുടെ കാലാവധി രണ്ടു വർഷമായിരിക്കും എന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസിന്റെ തീരുമാനവും നിങ്ങളെ അറിയിക്കുന്നു

എല്ലാവർക്കും അനുഗ്രഹീതമായ ഒരു കഷ്ടാനുഭവ ആഴ്ചയും ഉയർപ്പ് തിരുനാളിന്റെ സമാധാനവും സന്തോഷവും സ്നേഹപൂർവ്വം ആശംസിക്കുന്നു. ദൈവം നാമേവരെയും നമ്മുടെ കുടുംബങ്ങളെയും തുടർന്നും സംരക്ഷിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസായുടെയും സാന്നിധ്യവും പ്രാർത്ഥനയും നമുക്ക് ബലമായിരിക്കട്ടെ

സസ്നേഹം,

+ Eusebius

+ തോമസ് മാർ യൗസേബിയോസ്
പാറശ്ശാല രൂപതാ അധ്യക്ഷൻ

---

ഈ സർക്കുലർ മാർച്ച് 26 ആം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.